# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:17.10.2024**

## പ്രധാനവാർത്തകൾ

1). ശ്രീബുദ്ധന്റെ ധർമ്മത്തിലൂടെ ലോകം പ്രബുദ്ധമായതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. പാലി ഭാഷയെ ശ്രേഷ്ഠ ഭാഷയായി പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര അഭിധം ദിവസ് പരിപാടി പ്രധാനമന്ത്രി അഭിസംബോധന ചെയ്യു.

2). ത്രിരാഷ്ട്ര സന്ദർശനത്തിൻറെ അവസാന പാദത്തിൽ മൗറിറ്റാനിയ സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് മലാവിയിലെത്തും.

3). സംസ്ഥാനത്തെ ഐ.ടി.ഐ കളിൽ നിർമ്മിത ബുദ്ധി, റോബോട്ടിക്സ് മേഖലകൾക്ക് ഊന്നൽ നൽകി പുതിയ കോഴ്സുകൾ ആരംഭിക്കുമെന്ന് മന്ത്രി വി. ശിവൻകുട്ടി.

4). ശബരിമല മേൽശാന്തിയായി എസ്. അരുൺകുമാർ നമ്പൂതിരിയെ തിരഞ്ഞെടുത്തു. വാസുദേവൻ നമ്പൂതിരി മാളികപ്പുറം മേൽശാന്തി.

5). സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത. ഏഴ് വടക്കൻ ജില്ലകളിൽ മഞ്ഞ ജാഗ്രത. മത്സ്യബന്ധനത്തിന് വിലക്ക്.

6). ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ് സി-ചെന്നൈയിൻ എഫ് സി പോരാട്ടം.

***********************************

RNU TVPM

**<u>രാഷ്ട്രപതി</u>**

ത്രിരാഷ്ട്ര സന്ദർശനത്തിൻറെ  അവസാന പാദത്തിൽ മൗറിറ്റാനിയ സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപദി മുർമ്മു ഇന്ന് മലാവിയിലെത്തും. മൗറിറ്റാനിയൻ പ്രസിഡൻറ് മുഹമ്മദ് ഗസൗനിയുമായി രാഷ്ട്രപ്രതി ഉഭയകക്ഷി ചർച്ച നടത്തിയിരുന്നു. നിരവധി പ്രതിനിധിതല ചർച്ചകളിലും ശ്രീമതി മുർമു പങ്കെടുത്തു. ഇന്ത്യ- മൗറിറ്റാനിയ ബന്ധം ശക്തിപ്പെടുത്തുന്നതിന് നാല് കരാറുകളിലും ഒപ്പുവച്ചു. മൗറിറ്റാനിയയിലെ ഇന്ത്യൻ പ്രവാസികളുമായും രാഷ്ട്രപതി ആശയവിനിമയം നടത്തി.

***********************************

**<u>പ്രധാനമന്ത്രി - (ഇൻട്രോ)</u>**

ആശയവിനിമയത്തിനുള്ള  മാധ്യമം എന്നതിലുപരി ഭാഷ സംസ്കാരത്തിൻറെ ആത്മാവ് കൂടിയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കേന്ദ്രസർക്കാർ പാലി ഭാഷയെ ശ്രേഷ്ഠ ഭാഷയായി പ്രഖ്യാപിച്ചതിൻറെ പശ്ചാത്തലത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര <u>അഭിധം ദിവസ്</u> പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

**(ഹോൾഡ് വോയ്സ്......)**

ശ്രീ ബുദ്ധൻറെ ധർമ്മത്തിലൂടെ ലോകം പ്രബുദ്ധമായതായും പ്രധാനമന്ത്രി പറഞ്ഞു. പാലി ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി നൽകിയതിലൂടെ ഈ വർഷത്തെ അഭിധമ്മ ദിനാഘോഷം ചരിത്രമുഹൂർത്തമായി  മാറിയെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

***********************************

RNUTVPM

**ജിതേന്ദ്ര സിങ് - രാജീവ് ഗാന്ധി**

ശാസ്ത്ര - സാങ്കേതിക രംഗത്തെ പുത്തൻ കണ്ടെത്തലുകളുടെ ഭാഗമായി തിരുവനന്തപുരം ജഗതിയിലെ രാജീവ് ഗാന്ധി ജൈവ വൈവിധ്യ കേന്ദ്രത്തിൽ സംഘടിപ്പിക്കുന്ന പരിപാടി കേന്ദ്ര ശാസ്ത്ര - സാങ്കേതിക സഹമന്ത്രി ജിതേന്ദ്ര സിംഗ് അല്പസമയത്തിനകം ഉദ്ഘാടനം ചെയ്യും. ഗോത്ര കർഷകരുമായി അദ്ദേഹം സംവദിക്കും. വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ ശ്രീ ജിതേന്ദ്ര സിംഗ് അഭിസംബോധന ചെയ്യും. സ്വദേശി സയൻസ് മൂവ്മെന്റ്-കേരളം, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി എന്നിവയുടെ 300-ഓളം വിവിധ പദ്ധതി ഗുണഭോക്താക്കളാണ് ചടങ്ങിൽ പങ്കെടുക്കുക.

**************************************

RNU TVPM

**ജിതേന്ദ്രസിങ്**

C.S.I.R - N.I.I.S.T സുവർണ ജൂബിലി ആഘോഷത്തോട് അനുബന്ധിച്ച് ആയുർവേദ ഗവേഷണത്തിലെ മികവിൻറെ കേന്ദ്രത്തിനും കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് ഇന്ന് തിരുവനന്തപുരത്ത് തറക്കല്ലിടും. ആയുഷ് ഗുണനിലവാര പരിശോധനയ്ക്കും നൂതന ആശയങ്ങൾ നടപ്പാക്കാനും ലക്ഷ്യമിട്ടാണ് മികവിൻറെ കേന്ദ്രം വിഭാവനം ചെയ്തിരിക്കുന്നത്. പെർഫോമൻസ് കെമിക്കൽസ് ആൻറ് സസ്റ്റെയ്നബിൾ പോളിമറുകളിലെ മികവിന്റെ കേന്ദ്രവും കേന്ദ്ര സഹമന്ത്രി ഉദ്ഘാടനം ചെയ്യും.

**************************************

## മൻ കി ബാത്-പ്രശ്നോത്തരി

നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ പ്രധാനമന്ത്രിയുടെ മൻ കീ ബാത് പ്രക്ഷേപണ പരമ്പരയെ അടിസ്ഥാനമാക്കി നടന്നുവരുന്ന പ്രശ്നോത്തരിയുടെ സീസൺ 4 മത്സരങ്ങൾ കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് നാളെ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം കാര്യവട്ടത്ത് നടക്കുന്ന ചടങ്ങിൽ മുൻ കേന്ദ്രമന്ത്രി വി. മുരളീധരൻ അധ്യക്ഷത വഹിക്കും. കഴിഞ്ഞ സീസണിൽ താലൂക്ക് തല മത്സരത്തിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകളും ചടങ്ങിൽ വിതരണം ചെയ്യും.

************************************

## ഹരിയാന - സത്യപ്രതിജ്ഞ

ഹരിയാനയിൽ ബിജെപി നേതാവ് നയാബ് സിംഗ് സൈനിയുടെ നേതൃത്വത്തിലുള്ള പുതിയ സർക്കാർ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. പഞ്ച്കുലയിലെ ഷാലിമാർ ഗ്രൗണ്ടിലാണ് സത്യപ്രതിജ്ഞാ ചടങ്ങ്.

************************************

RNU TVPM

## ഐ.ടി.ഐ- ശിവൻകുട്ടി

നിർമ്മിത ബുദ്ധി, റോബോട്ടിക്സ് മേഖലകൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പുതിയ കോഴ്സുകൾ സംസ്ഥാനത്തെ ഐ.ടി.ഐകളിൽ ആരംഭിക്കുമെന്ന് മന്ത്രി വി. ശിവൻകുട്ടി. ഐ ടി.ഐ കൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു. കണ്ണൂർ തോട്ടട ഗവ. ഐ.ടി.ഐ യിലെ പുതിയ കെട്ടിട സമുച്ചയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷത വഹിച്ചു. സംസ്ഥാനത്തെ 10 ഐ.ടി.ഐ.കളെയാണ് അന്താരാഷ്ട്ര നിലാവരത്തിലേക്കുയർത്തുന്നത്.

************************************

**<u>എംപവർ - 24</u>**

അസിസ്റ്റീവ് ടെക്നോളജി മേഖലയിലെ കോൺഫറൻസായ 'എംപവർ 24' മന്ത്രി ആർ ബിന്ദു ഇന്ന് തിരുവനതപുരം നിഷിൽ ഉദ്ഘാടനം ചെയ്യും. മൂന്നു ദിവസത്തെ കോൺഫറൻസ് ശനിയാഴ്ച അവസാനിക്കും . കേരളത്തിൽ ഇതാദ്യമായാണ് എംപവർ സംഘടിപ്പിക്കുന്നത്.

*************************************

**<u>ബ്രേക്ക്.......</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

*************************************

**<u>എൽ മുരുഗൻ</u>**

ജനങ്ങൾക്ക് ശരിയായ വിവരങ്ങളും ഗുണനിലവാരമുള്ള ഉള്ളടക്കവും നൽകുന്നതിൽ വാർത്താ പ്രക്ഷേപകർക്കുള്ള ഉത്തരവാദിത്തം വലുതാണെന്ന് കേന്ദ്ര സഹമന്ത്രി എൽ.മുരുകൻ. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന ഇന്ത്യ മൊബൈൽ കോൺഗ്രസിൽ സംഘടിപ്പിച്ച 'പ്രക്ഷേപണ മേഖലയിലെ ഉയർന്നുവരുന്ന പ്രവണതകളും സാങ്കേതികവിദ്യകളും' എന്ന സിമ്പോസിയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

RJU TVPM

*************************************

**<u>ശബരിമല -(ഇൻട്രോ)</u>**

ശബരിമലയിൽ നിയുക്ത മേൽശാന്തിയായി കൊല്ലം ശക്തികുളങ്ങര നാരായണീയം തോട്ടത്തിൽമഠം എസ്. അരുൺകുമാർ നമ്പൂതിരിയെ തിരഞ്ഞെടുത്തു. കോഴിക്കോട് ഒളവണ്ണ തിരുമംഗലത്ത് ഇല്ലം ടി.വാസുദേവൻ നമ്പൂതിരിയെ മാളികപ്പുറം മേൽശാന്തിയായും തിരഞ്ഞെടുത്തു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി
പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....

**(വോയിസ്........)**

*************************************

**<u>മഴ - സംസ്ഥാനം</u>**

സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത നിലനിൽക്കുന്ന പശ്ചാത്തലത്തിൽ തൃശൂർ മുതൽ കാസർകോട് വരെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരള - കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. ശക്തമായ തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുള്ളതിനാൽ കേരളത്തിലെ എല്ലാ തീരദേശ ജില്ലകളിലും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു.

RNU TVPM

*************************************

**<u>ആലപ്പുഴ - (ഇൻട്രോ)</u>**

കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി ആലപ്പുഴയിൽ കടൽക്ഷോഭം രൂക്ഷം. ചൊവ്വാഴ്ച രാത്രി തുടങ്ങിയ കടൽക്ഷോഭം ഇപ്പോഴും തുടരുകയാണ്. നിരവധി വീടുകളിൽ വെള്ളം കയറി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**

**ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ...............**

**(വോയിസ്..........)**

*************************************

**<u>കടലേറ്റം - കണ്ണൂർ</u>**

കണ്ണൂർ ജില്ലയിലെ തീരമേഖലയിൽ കടലേറ്റം ഇന്നും രൂക്ഷം. മുഴപ്പിലങ്ങാട് മീൻ വലകൾ നശിച്ചു. എടക്കാട്, പഴയങ്ങാടി എന്നിവിടങ്ങളിലും കള്ളക്കടൽ പ്രതിഭാസം ഉണ്ടായി.

അതേസമയം ചൂട്ടാട് കടൽക്ഷോഭത്തെ തുടർന്ന് ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറിയ 15 കുടുംബങ്ങൾ വീടുകളിലേക്ക് മടങ്ങി.

************************************

**<u>കടലാക്രമണം- പൂന്തുറ</u>**

കള്ളക്കടൽ പ്രതിഭാസത്തെത്തുടർന്ന് തിരുവനന്തപുരം പൂന്തുറയിലും കടലാക്രമണം ശക്തം. ഒരു വീട് പൂർണമായും തകർന്നു. 25-ഓളം വീടുകൾക്ക് നാശനഷ്ടം സംഭവിച്ചു. പ്രദേശത്തെ 50-ഓളം കുടുംബങ്ങളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്.

************************************

**<u>ഐ.എസ്.എൽ</u>**

ഐ എസ് എൽ ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ് സി ,ചെന്നൈയിൻ എഫ് സി യെ നേരിടും.രാത്രി 7 .30 നു ഗുവാഹത്തിയിലെ ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിലാണ് മത്സരം.

************************************

**<u>ക്രിക്കറ്റ്</u>**

ഇന്നലെ കനത്ത മഴ മൂലം മാറ്റിവച്ച ഇന്ത്യ -ന്യൂസിലൻഡ് ക്രിക്കറ്റ് ടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരം രണ്ടാം ദിനമായ ഇന്ന് പുനരാരംഭിച്ചു. ടോസ് നേടി ബാറ്റിംഗ് തെരെഞ്ഞെടുത്ത ഇന്ത്യ ഉച്ചഭക്ഷണത്തിനായി പിരിയുമ്പോൾ 23.5 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 34 റൺസ് നേടിയിട്ടുണ്ട്.

************************************

**<u>നവീൻ ബാബു-സംസ്കാരം</u>**

കണ്ണൂർ എ.ഡി.എം നവീൻ ബാബുവിൻെറ മൃതദേഹം പത്തനംതിട്ട കളക്ടറേറ്റിൽ പൊതുദർശനത്തിന് വച്ചശേഷം വിലാപയാത്രയായി മലയാലപ്പുഴയിലെ വസതിയിൽ എത്തിച്ചു. മലയാലപ്പുഴ പത്തിശേരി കാരുവേലിൽ വീട്ടിൽ വൈകുന്നേരം മൂന്നിന് സംസ്കാരം നടക്കും. മന്ത്രിമാരായ

RNU TVPM

കെ.രാജൻ, വീണാജോർജ്, എം.പിമാർ,എം.എൽ.എമാർ തുടങ്ങിയവർ അന്തിമോപചാരം അർപ്പിച്ചു.

*************************************

**ഓഹരി+സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 430 പോയിൻറ് കുറഞ്ഞ് 81,069 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 184 പോയിൻറ് നഷ്ടത്തിൽ 24,789 ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ വർധന. സ്വർണം ഗ്രാമിന് 20 രൂപ വർധിച്ചു 7,160 രൂപയും , പവന് 160 രൂപ കൂടി 57,280 രൂപയുമാണ് ഇന്നത്തെ വില.

*************************************

**വാൽമീകി ജയന്തി**

രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ ഇന്ന് വാൽമീകി ജയന്തി ആഘോഷിക്കുന്നു. രാമായണത്തിൻ്റെ രചയിതാവായ മഹർഷി വാൽമീകിയുടെ ജന്മദിനമാണ് വാല്മീകി ജയന്തി അഥവാ പർഗത് ദിവസ് ആയി ആചരിക്കുന്നത്. വാൽമീകി ജയന്തി ദിനത്തിൽ രാഷ്ട്രപതി , ഉപരാഷ്ട്രപതി , പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ ആശംസകൾ നേർന്നു.

*************************************

**പ്രധാന വാർത്തകൾ വീണ്ടും....**

1). **ശ്രീബുദ്ധൻറെ ധർമ്മത്തിലൂടെ ലോകം പ്രബുദ്ധമായതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. പാലി ഭാഷയെ ശ്രേഷ്ഠ ഭാഷയായി പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര അഭിധം ദിവസ് പരിപാടി പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.**

RNU TVPM

2). ത്രിരാഷ്ട്ര സന്ദർശനത്തിൻറെ  അവസാന പാദത്തിൽ മൗറിറ്റാനിയ സന്ദർശനം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപദി മുർമു  മലാവിയിലെത്തി.

3). സംസ്ഥാനത്തെ ഐ.ടി.ഐകളിൽ നിർമ്മിത ബുദ്ധി, റോബോട്ടിക്സ് മേഖലകൾക്ക് ഊന്നൽ നൽകി പുതിയ കോഴ്സുകൾ ആരംഭിക്കുമെന്ന് മന്ത്രി വി. ശിവൻകുട്ടി.

4). ശബരിമല മേൽശാന്തിയായി എസ്. അരുൺകുമാർ നമ്പൂതിരിയെ തിരഞ്ഞെടുത്തു. വാസുദേവൻ നമ്പൂതിരി മാളികപ്പുറം  മേൽശാന്തി.

5). സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത. ഏഴ് വടക്കൻ ജില്ലകളിൽ മഞ്ഞ ജാഗ്രത. മത്സ്യബന്ധനത്തിന് വിലക്ക്.

6). ഐ  എസ് എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് എഫ് സി - ചെന്നൈയിൻ എഫ് സി  പോരാട്ടം.

RNU TVPM

........പ്രാദേശിക വാർത്തകൾ കഴിഞ്ഞു.....

അടുത്ത വാർത്താ പ്രക്ഷേപണം 12.50 ന്...

*************************************